

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

നഗരൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/TVM/ജി.പി.11/1527/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 06/01/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നഗരൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നഗരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നഗരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-

പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/TVM/ജി.പി.11/1527/2022

തീയ്യതി: 06/01/2023

തിരുവനന്തപുരം ജില്ലയിലെ നഗരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നഗരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 32 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)

ശ്രീമതി ശ്രീജ.കെ.	ഡെപ്യൂട്ടി ഡയറക്ടർ	22-08-2022	30-08-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
22-08-2022	30-08-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. മനേഷ്.ബി.എച്ച്., ഓഡിറ്റ് ഓഫീസർ
ശ്രീ. പ്രവീൺ.എൻ.ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ശ്രീജിത്ത്.എസ്.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി മിനിമോൾ.എസ്., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ഡി. സ്മിത	പ്രസിഡന്റ്	01-04-2021	31-03-2022
ശ്രീ. ബിജുകുമാർ.എം.	സെക്രട്ടറി	01-04-2021	01-08-2021
ശ്രീ.സന്തോഷ് കുമാർ.ജെ.എസ്.	സെക്രട്ടറി	02-08-2021	31-03-2022

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്
ശ്രീമതി റോഷ്ന.എസ്.	കൃഷി ഓഫീസർ
ശ്രീമതി ജ്യോതിലക്ഷ്മി.വി.	വെറ്റിനറി സർജൻ
ഡോ. സരിഗ.എസ്.	മെഡിക്കൽ ഓഫീസർ - പി.എച്ച്.സി.

ഡോ. ബോബി.റ്റി.	മെഡിക്കൽ ഓഫീസർ - പി.എച്ച്.സി.
ഡോ. ബിനീഷ്.എൻ.എസ്.	മെഡിക്കൽ ഓഫീസർ - പി.എച്ച്.സി.
ഡോ. ഷീന.എ.ബി.	മെഡിക്കൽ ഓഫീസർ - ഹോമിയോ
ഡോ. രമ്യ ദത്ത്	മെഡിക്കൽ ഓഫീസർ - ഹോമിയോ
ഡോ. ഷീന.എ.ബി.	മെഡിക്കൽ ഓഫീസർ - ഹോമിയോ
ഡോ. വിദ്യ.എസ്.	മെഡിക്കൽ ഓഫീസർ - ആയുർവേദം
ശ്രീമതി ആതിര.ജെ.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 1
ശ്രീ. മനോജ് ശങ്കർ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 1
ശ്രീമതി നേഹ പിള്ള.എസ്.എൽ.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 1
ശ്രീ. മനോജ് ശങ്കർ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 2
ശ്രീമതി തങ്കമണി.എസ്.	ഐ.സി.ഡി.എസ്.സൂപ്പർവൈസർ
ശ്രീമതി ലാലി.റ്റി.എസ്.	ഐ.സി.ഡി.എസ്.സൂപ്പർവൈസർ
ശ്രീ. ബിജുകുമാർ.എം.	സെക്രട്ടറി
ശ്രീ.സന്തോഷ് കുമാർ.ജെ.എസ്.	സെക്രട്ടറി
ശ്രീമതി ബിന്ദു	എച്ച്.എം.
ശ്രീമതി സൌമ്യ.ആർ.എസ്.	അസിസ്റ്റന്റ് എഞ്ചിനീയർ
ശ്രീമതി ആശ.ബി.	ഡയറി ഫാം ഇൻസ്ട്രക്ടർ

ഒഴിവ്	ഡയറി ഫാം ഇൻസ്ട്രക്ടർ
ശ്രീ. സന്തോഷ് രാജ്	ഡയറി ഫാം ഇൻസ്ട്രക്ടർ
ശ്രീ. കൃഷ്ണകുമാർ.എസ്.എസ്.	അസിസ്റ്റന്റ് സെക്രട്ടറി

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ	1-2-1
3	വാർഷിക ധനകാര്യ പത്രിക	1-2
4	ഗ്രാന്റ് വിനിയോഗം	1-3
5	പദ്ധതി അവലോകനം	1-4
6	സാമൂഹ്യ സുരക്ഷാ പെൻഷൻ-മരണശേഷവും പെൻഷൻ നൽകി.	1-5-1
7	നടപടിക്രമങ്ങൾ പൂർത്തിയാക്കി സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിൽ കാലതാമസം	1-5-2
8	ക്ഷേമ പദ്ധതികൾ	1-5
9	ക്യാഷ് പരിശോധന	1-6
10	ആഭ്യന്തര നിയന്ത്രണം	1-7
11	MNREGS-റോഡ് കോൺക്രീറ്റ് പ്രവൃത്തികളിലെ അപാകങ്ങൾ	1-8-1
12	തൊഴിലുറപ്പ് പദ്ധതി	1-8
13	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-9
14	ഷോപ്പിംഗ് കോംപ്ലക്സ് വാടക കുടിശ്ശിക ഈടാക്കുന്നതിലെ കാലതാമസം	1-10
15	എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ശരിയായ സ്പെസിഫിക്കേഷൻ നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.	1-11
16	അസറ്റ് മാനേജ്മെന്റ് -സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.	1-12
17	പഞ്ചായത്തിന്റെ വിവിധ ആസ്തികളുടെ സംരക്ഷണത്തിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.	1-13
18	തെരുവു വിളക്കുകളുടെ മെയിന്റനൻസ് പദ്ധതി - സംയുക്തപരിശോധന	1-14

	നടത്തിയിട്ടില്ല.	
19	സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം കുറച്ചെങ്കിലും വെള്ളക്കരം കുറയ്ക്കുവാൻ വാട്ടർ അതോറിറ്റി തയ്യാറാകുന്നില്ല – അടിയന്തിര നടപടികൾ അനിവാര്യം	1-15
20	പാളയം മാർക്കറ്റിലെ സേവാഗ്രാം ഗ്രാമകേന്ദ്രത്തിൽ നിന്നും അനധികൃതമായി വൈദ്യുതി കണക്ഷൻ -അടിയന്തിര നടപടി സ്വീകരിക്കണം	1-16
21	കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ -ബാക്കി വന്ന സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തണം	1-17
22	കുടിവെള്ള പദ്ധതി-നിക്ഷേപ പ്രവൃത്തിക്ക് കരാറിൽ ഏർപ്പെടാതെ തുക നൽകി.	1-18
23	കരാറിൽ ഏർപ്പെടാതെ കേരള വാട്ടർ അതോറിറ്റിക്ക് നിക്ഷേപ പ്രവൃത്തികൾക്ക് തുക നൽകി .	1-19
24	ആട് വളർത്തൽ-പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ	1-20
25	സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് - തുടർ പ്രവർത്തനങ്ങൾ നിരീക്ഷിക്കണം	1-21
26	പി എച്ച് സിക്ക് മരുന്ന് വാങ്ങൽ പദ്ധതി - മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം.	1-22
27	പാലിയേറ്റീവ് കെയർ പദ്ധതി- മരുന്നുകളും ഉപകരണങ്ങളും പൂർണമായി ലഭ്യമായിട്ടില്ല.	1-23
28	ഗവ. ഹോമിയോ ഡിസ്പെൻസറിയ്ക്ക് ഹോംകോയിൽ നിന്നും മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായിട്ടില്ല	1-24
ഭാഗം 2		
1	ഇല്ല	2-1
ഭാഗം 3		
1	ഇല്ല	3-1
ഭാഗം 4		

1	സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ / വായ്പാതിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-7
8	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം –1

പൊതു അവലോകനം

1-1 ബജറ്റ്

2021-22 ലെ ബജറ്റ് ഭരണസമിതിയുടെ 1/1 തീയതി 20.02.2021 -ാം നമ്പർ തീരുമാനപ്രകാരം അ
പ്രസ്തുത ബജറ്റിലെ പ്രതീക്ഷിത വരവ് ചെലവുകൾ മുൻവർഷത്തേയും തൻവർഷത്തേയ
ചെലവുകളുമായുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

	2020-21 വാർഷിക കണക്ക് പ്രകാരം	2021-22 ബജറ്റ് പ്രകാരം പ്രതീക്ഷിതം	2021-22 വാർഷിക കണക്ക് പ്രകാരം
മുന്നിരിപ്പ്	1,99,08,823.24	7,07,77,566	2,06,48,388.24
വരവ്	7,87,13,744	24,27,67,800	8,66,57,856
ആകെ	98622567.24	31,35,45,366	10,73,06,244.24
ചെലവ്	7,79,74,179	29,22,07,000	8,39,06,532
നീക്കിയിരിപ്പ്	2,06,48,388.24	2,13,38,366	2,33,99,712.24

ഭരണ സമിതിയുടെ 1(1)/24.03.2022-ാം നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചിട്ട

1) ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി തീയതി 02.12.2016 -ാം നമ്പർ ഉത്തരവ് ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാ അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധി തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം അവലോകനം നിർവ്വഹിക്കേണ്ടതുമുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് ഗ്രാമപഞ്ച സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒ കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധ ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ്.[ബജറ്റ് ഖണ്ഡിക 4-4]. എല്ലാ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ, ബന്ധപ്പെട്ട രേഖകൾ പര കണക്കുകൾ അംഗീകരിച്ചുപോരുന്നതായി അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 06/25.0 മറുപടി).

2) മേൽ ഉത്തരവ് പ്രകാരം വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് അവതരിപ്പിക്കേണ്ടതാണെന്നും (ബജറ്റ് മാന്വൽ ഖണ്ഡിക 4-5) പ്രതിമാസമുള്ളതും, വാർഷ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള ന ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്നും ബജറ്റ ഖണ്ഡിക 4-5(Xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള അവലോകനം നടത്തിയതായി ധനകാര്യ സ്റ്റാന്റിം

മിനിട്സിലും ജനറൽ കമ്മിറ്റി മിനിട്സിലും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ, ഗ്രാമപഞ്ച ഇപ്രകാരമുള്ള നടപടിക്രമങ്ങളുണ്ടായിട്ടില്ല.

3) 2021-22 വർഷത്തെ ബജറ്റ് ഫയൽ ലഭ്യമാക്കാത്തതിനാൽ, ബജറ്റ് ശുപാർശ, രൂപീകരണം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂ താഴെപ്പറയുന്ന പ്രധാന രേഖകളും പരിശോധിക്കാനായിട്ടില്ല.

എ) ബജറ്റ് പ്രസംഗം

ബി) ബജറ്റ് കുറിപ്പുകൾ

സി) ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

ഡി) പെർഫോമൻസ് ബജറ്റ്

1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം **62 (2)(എ)** പ്രകാരം ധനകാര്യപത്രിക തയ്യാറാക്കുമ്പോൾ അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കണമെന്നും പ്രധാനപ്പെട്ട അക്കൌണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടു വെളിപ്പെടുത്തലുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണെന്നുമുണ്ട്. ചട്ടം 62(2)(ബി) പ്രകാരം അക്കൌ മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ ഉൾപ്പെടുത്തി അടിസ്ഥാന അനു തയ്യാറാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്.

എന്നാൽ, വാർഷിക ധനകാര്യപത്രികയോടൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അ അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 17(2) പ്രകാരം, അക്രൂവൽ അടിസ്ഥ അക്കൌണ്ട് ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ സംബന്ധിച്ചതും, ഡിമാന്റുകളിലും അഡ്ജസ്റ്റ്മെ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ചതും, തിരിച്ച് നൽകൽ / കുറവ് വരുത്തൽ എന്നിവ സംബ എഴുതിത്തള്ളൽ എന്നിവ സംബന്ധിച്ചതും, പിരിവിന്റെ വിശദാംശങ്ങൾ സംബന്ധിച്ചതുമായ പ്രതിമാ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി തയ്യാറാക്കേണ്ടതും ഇവയുടെ അടിസ്ഥാനത്തിൽ അക്കൌണ്ട് പുസ്ത ആവശ്യമായ രേഖപ്പെടുത്തൽ വരുത്തേണ്ടതുമാണ്. മേൽപ്പറഞ്ഞ കാര്യങ്ങളിൽ പുതിയ വിവര രേഖപ്പെടുത്തേണ്ടതില്ലെങ്കിൽ ഒരു ' ശൂന്യ പത്രിക' തയ്യാറാക്കേണ്ടതാണ്. പ്രസ്തുത സ്റ്റേ പരിശോധനയ്ക്ക് ലഭ്യമായില്ല.

3) കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ) പ്രകാരം സ്റ്റോക്കിന്റെ പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. എന്നാൽ ധനകാര്യപത്രിക B-14 ഷെഡ്യൂൾ പ്രകാരം Stock In Hand (Inventories) 0 ആണ്.

വരുംവർഷങ്ങളിൽ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുമ്പോൾ മേൽ അപാകങ്ങൾ പരി നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻകയറി നമ്പർ 10/26.08.2022ന്റെ

4) Grants, Funds & Contributions For Other Specific Purposes-ചെലവഴിക്കാതെ അവശേഷിക്കുന്ന Schedule)

2020-21ലെ നീക്കിയിരിപ്പ് തുകകൾ തന്നെയാണ് 2021-22 സാമ്പത്തിക വർഷത്തിലും വ്യത്യാ അവശേഷിക്കുന്നത്.

Code Number	Particulars	Amount
320100299	Grants, Funds & Contributions For Specific Purposes-Other Central Government Grants-Other Grants	61800
320200323	Grant For Keralolsavam	840
320300199	Grants, Funds & Contributions For Specific Purposes – Other Government Agencies	1438403
320700104	Contribution For Joint Venture Projects (For Capital Expenditure – From Block Panchayats	113700
320700105	Contribution For Joint Venture Projects (For Capital Expenditure – From District Panchayats	20248

ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ ലഭ്യമായ ഏജൻസികൾക്ക് തന്നെ തിരികെ നൽകേ
എന്നാൽ മറുപടിയിൽ ബന്ധപ്പെട്ട സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന മുറയ്ക്ക് തിരിച്ചടയ്ക്കുന്നു
വിശദീകരിച്ചിട്ടുണ്ട്. ആയത് തിരികെ നൽകി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

5) <u>സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുക ചെലവഴിക്കാതെ അവശേഷിക്കുന്നു.</u>

ജി.ഒ(പി) 07/17/ധന തീയതി 23.01.17 നമ്പർ ഉത്തരവ് പ്രകാരം പ്രോജക്ട് നിർവ്വഹണം നടത്താ
പ്രസ്തുത പദ്ധതി സ്പിൽഓവർ ആയില്ലെങ്കിൽ നിർവ്വഹണം ഏറ്റെടുത്ത തദ്ദേശസ്ഥാപനം, ജോയിന്റ് മ
മാർച്ച് 31-ന് മുൻപ് റിക്കൺസിലിയേഷൻ നടത്തി ചെലവഴിക്കാൻ കഴിയാത്ത തുക
തദ്ദേശസ്ഥാപനത്തിന് കൈമാറേണ്ടതും അക്കൗണ്ട് സീറോ ബാലൻസ് ആക്കേണ്ടതുമാണ്. എന്നാൽ
പ്രോജക്ടുകളുടെ തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.(B -4 Schedule)

Code Number	Particulars	Amount
320700104	Contribution For Joint Venture Projects (For Capital Expenditure) – From Block Panchayats	113700
320700105	Contribution For Joint Venture Projects (For Capital Expenditure)– From District Panchayats	20248
320700204	Contribution For Joint Venture Projects (For Revenue Expenditure) – From Block Panchayats	955302
320700205	Contribution For Joint Venture Projects (For Revenue Expenditure)– From District Panchayats	604343

6) Beneficiary Contribution ഇനത്തിൽ 223933 രൂപ നീക്കിയിരിപ്പുണ്ട്. പ്രസ്തുത തുക ചെലവഴിച്ച് അ
ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

7) Recoveries Payable – COVID എന്ന ഹെഡിൽ നീക്കിയിരിപ്പുള്ള 132400 രൂപ, ജനപ്രതിനിധികളി
കോവിഡ് റിക്കവറി ചെയ്ത തുക തനത് ഫണ്ടിൽ നീക്കിയിരിപ്പായുള്ളതാണ്. പ്രസ്
ക്രമീകരിക്കേണ്ടതാണ്.

8) പത്താം വാർഡിൽ തണ്ണിക്കോണം കുടിവെള്ള പദ്ധതിക്ക് (നമ്പർ 172/22) ACR(ബി
415/31.03.2022) പ്രകാരം ചെലവ് 1,64,670 രൂപ. എന്നാൽ, സുലേഖ ചെലവ് പത്രികയിൽ ചെലവ് ഇ

പ്രോജക്ടിന്റെ റിക്വിസിഷൻ 2021-22 വർഷം അംഗീകരിച്ചെങ്കിലും ചെലവ് നടന്നിട്ടില്ലായെന്നും 2022-പൂർത്തീകരിച്ചതായും അറിയിച്ചിട്ടുണ്ട്.

9) ലഭ്യമാക്കിയ പ്രൊഫോമ പ്രകാരം വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം ഇന പേർക്കായി 2,70,000 രൂപ വിതരണം ചെയ്തിട്ടുണ്ട്. ട്രഷറി ബിൽബുക്ക് പ്രകാരം, പ്രസ്തുത ഇനത്തിൽ രൂപ ചെലവുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ബിൽ നമ്പർ	തുക
1	51/22.01.2022	30000
2	54/10.02.2022	120000
3	64/28.02.2022	90000
4	66/16.03.2022	30000
ആകെ		270000

എന്നാൽ, വാർഷിക ധനകാര്യ പത്രികയിൽ പ്രസ്തുത തുക [വരവ് -I-6, ചെലവ്-I-14(D)] ഉൾപ്പെടുത്ത്

പ്രസ്തുത അപാകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ജനറൽ കമ്മിറ്റിയിലും റിപ്പോർട്ട് ചെയ് പ്രസ്തുത അപാകം ആവർത്തിക്കാതിരിക്കാനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് വിശദീക (ഓഡിറ്റ് എൻക്വയറി നമ്പർ 26/29.08.2022 ന്റെ മറുപടി).

1-2 വാർഷിക ധനകാര്യ പത്രിക

വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
31.07.2022	06.07.2022

വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഉപഖണ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-3 ഗ്രാന്റ് വിനിയോഗം

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ഗ്രാന്റ് വിനിയോഗത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

ഗ്രാന്റ്	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
വികസനഫണ്ട് (ജനറൽ)	0	14628202	14628202	12879368	1748834
വികസനഫണ്ട് (എസ്.സി.പി)	0	12199667	12199667	10285074	1914593

വികസനഫണ്ട് (CFC Tied)	0	8395738	8395738	5717584	2678154
വികസനഫണ്ട് (CFC Untied)	0	6014735	6014735	2744468	3270267
മെയിന്റനൻസ് ഫണ്ട് (റോഡ്)	0	16149600	16149600	13080308	3069292
മെയിന്റനൻസ് ഫണ്ട് (റോഡിതരം)	0	8028297	8028297	3843410	4184887

22.12.2022 ന് ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ താഴെപറയുംവിധം വ്യത്യാസങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1) ACR, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം ചെലവിലുള്ള വ്യത്യാസം

ഫണ്ട്	ACR പ്രകാരം	ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം
വികസന ഫണ്ട് (ജനറൽ)	12879368	15009336
വികസന ഫണ്ട് (SCP)	10285074	10710407
വികസന ഫണ്ട് (CFC Tied)	5717584	5552914
വികസന ഫണ്ട് (CFC Untied)	2744468	2844218

2) ചുവടെ ചേർക്കുന്ന ഫണ്ടുകളുടെ നീക്കിയിരിപ്പ് നെഗറ്റീവ് ആണ്

l) വികസന ഫണ്ട് (ജനറൽ) → (-) 381134

li) CSS → (-) 2346662

lii) SSS → (-) 400000

വികസന ഫണ്ട്, CSS, SSS എന്നിവയുടെ നീക്കിയിരിപ്പ് നെഗറ്റീവ് ആയത് വിശദീകരിക്കേണ്ടതാണ്.

1-4 പദ്ധതി അവലോകനം

എ) പ്രോജക്ട് നിർവ്വഹണം

2021-22 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചേർക്കുന്നു.

ക്രമനം	നിർവ്വഹണ ഉദ്യോഗസ്ഥൻ	പ്രോജക്ടുകൾ				അടങ്കൽ		
		അംഗീകാരം	നടപ്പാക്കിയത്	നടപ്പിലാക്കാത്തത്	ശതമാനം	വകയിരുത്തൽ	ചെലവ്	ശതമാനം
l	കൃഷി ഓഫീസർ	5	4	1	80	4736545	2958710	62
li	വെറ്റിനറി സർജൻ	8	7	1	88	3236497	2502397	77
lii	മെഡിക്കൽ ഓഫീസർ - CHC	6	5	1	83	2886320	2551681	88
lv	മെഡിക്കൽ ഓഫീസർ -	1	1	0	100	350000	350000	100

	ഹോമിയോ							
V	മെഡിക്കൽ ഓഫീസർ - ആയുർവേദം	4	4	0	100	775000	774905	99
Vi	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -1	10	10	0	100	11489900	6086280	53
Vii	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	9	4	5	44	5681641	5100663	90
Viii	സെക്രട്ടറി	44	30	14	68	13881675	9827346	71
Ix	എച്ച്.എം.	1	0	1	0	39382	0	0
X	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2	6	5	1	83	9247748	2703414	29
Xi	അസിസ്റ്റന്റ് എഞ്ചിനീയർ	101	75	26	74	38619513	22443200	58
Xii	ഡയറിഫാം ഇൻസ്ട്രക്ടർ	2	2	0	100	2000000	1297110	65
Xiii	അസിസ്റ്റന്റ് സെക്രട്ടറി	12	10	2	83	4458720	3130405	70
	ആകെ	209	157	52	75	9,42,27,593	5,89,00,325	63

1) ആകെ വകയിരുത്തിയതിന്റെ 63 ശതമാനം മാത്രം ചെലവഴിച്ചു.

2) എ) ഐ.സി.ഡി.എസ്. സൂപ്പർവൈസർ അംഗീകാരം വാങ്ങിയ 9 പ്രോജക്ടുകളിൽ 4 എണ്ണം മാത്രമാ നടപ്പാക്കിയത്.

ബി) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -1 അംഗീകാരം വാങ്ങിയ 10 പ്രോജക്ടുകളും നടപ്പാക്കിയെങ്കിലും വകയിരുത്തിയ ഫണ്ടിന്റെ 53 ശതമാനം മാത്രമാണ് ചെലവഴിച്ചത്.

സി) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2 അംഗീകാരം വാങ്ങിയ 6 പ്രോജക്ടുകളിൽ 5 നടപ്പാക്കിയെങ്കിലും വകയിരുത്തിയ ഫണ്ടിന്റെ 29 ശതമാനം മാത്രമാണ് ചെലവഴിച്ചത്.

സി) അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകാരം വാങ്ങിയ 101പ്രോജക്ടുകളിൽ 26 എണ്ണം നടപ്പാക്കിയില്ല. വകയിരുത്തിയ ഫണ്ടിന്റെ 58 ശതമാനം മാത്രമാണ് ചെലവഴിച്ചത്.

ബി) പദ്ധതി രൂപീകരണം

3) പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രക വത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവ പുനഃ സംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപ വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമ വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിയ്ക്ക് റിപ്പോർട്ട് നൽകുക നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്.

എ) 2021-22 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുൻപായി ആസൂത്രണസമിതി പുനഃ സംഘടിപ്പിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

ബി) 2021-22 പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 01.02.2021, 15.02.2021 എന്നീ തീയതികളിൽ അ സമിതി യോഗം കൂടിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, പങ്കെടുത്തവരുടെ ഹാജർ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

4) ഗ്രാമ പഞ്ചായത്തിന്റെ 2021-22 വർഷത്തെ അന്തിമ പദ്ധതി രേഖയിൽ സൂചിപ്പിച്ചിരിക്കുന്ന വികസ കാഴ്ചപ്പാട് ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	നയസമീപനം	കാഴ്ചപ്പാട്	വികസനതന്ത്രം

I	കർമ്മസമിതി രൂപീകരിക്കുക, പൊതുകുളങ്ങളുടെയും കാവുകളുടെയും സംരക്ഷണത്തിനായി പദ്ധതി ഏറ്റെടുക്കുക	2025 ഓടുകൂടി പഞ്ചായത്ത് പ്രദേശത്തെ പരിസ്ഥിതി സംരക്ഷണം യാഥാർത്ഥ്യമാക്കുക	പൊതുകുളങ്ങളെ തൊഴിലുറപ്പ് പദ്ധതി പ്രയോജനപ്പെടുത്തി കുടിവെള്ള സ്രോതസുകളായും നീന്തൽ കുളങ്ങളായും വികസിപ്പിക്കുക
Ii	ഖനന അനുമതി ചട്ടങ്ങൾ കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക	2025 ഓടുകൂടി ജനവാസ കേന്ദ്രങ്ങളുടെ സമീപത്തുള്ള പാറ ഖനനം പൂർണമായും നിർത്തലാക്കുക	ഖനന അനുമതിക്ക് കൃത്യമായ മാനദണ്ഡങ്ങൾ (കാലയളവ്, ഖനനം ചെയ്ത് നീക്കം ചെയ്യുന്ന പാറയുടെ അളവ് എന്നിവ സംബന്ധിച്ച്) ഏർപ്പെടുത്തുക.
Iii	ഫ്രണ്ട് ഓഫീസ് സൗകര്യം വർദ്ധിപ്പിക്കൽ	പൊതുജനങ്ങൾക്ക് സംതൃപ്തമായ അനുഭവം ലക്ഷ്യമാക്കൽ, ആവശ്യങ്ങൾ യഥാസമയം ലഭിക്കുന്നതിനുള്ള ഇടപെടൽ, ജീവനക്കാർക്ക് ജോലി ചെയ്യുന്നതിനുള്ള ഭൌതിക സാഹചര്യം തയ്യാറാക്കൽ	ഓഫീസ് സൗകര്യം വർദ്ധിപ്പിക്കൽ, ഫർണിച്ചർ, കുടിവെള്ളം, ടോക്കൺ സംവിധാനം, ഫീഡിംഗ് റൂം ഒരുക്കൽ, റിക്കോർഡ് റൂം തയ്യാറാക്കൽ, ജീവനക്കാർക്ക് ക്യാബിൻ സംവിധാനം, മൾട്ടിസ്കാനർ, പ്രിന്റർ

പ്രസ്തുത കാഴ്ചപ്പാടുകൾ യാഥാർത്ഥ്യമാക്കാൻ നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക നമ്പർ 18/29.08.2022ന്റെ മറുപടി).

1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണശേഷവും പെൻഷൻ നൽകി.

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2021-22 മരണറിപ്പോർട്ടിലെ പെൻഷൻ ഐ ഡി/ആധ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽ (ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു).

പേര്	പെൻഷൻ ഐ ഡി	പെൻഷൻ തരം	മരണപ്പെട്ട തീയതി	നിലവിലെ സ്റ്റാറ്റസ്	അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം	അധികം നൽകിയ തുക
യശോദയമ്മ	102370100809	കർഷകതൊഴിലാളി	16.8.21	ആക്ടീവ്	09/21മുതൽ 6/22 വരെ 1600×10=16000	16000
രാധമ്മ	102370200512	വാർദ്ധക്യകാലം	9.8.21	ആക്ടീവ്	09/21മുതൽ 06/22 വരെ 1600×10=16000	16000
ആനന്ദൻ	102370201521	വാർദ്ധക്യകാലം	10.8.21	സസ്പെൻഡ്	09/21മുതൽ 12/21 വരെ 1600×4=6400	6400
തങ്കപ്പൻ	102370203206	വാർദ്ധക്യകാലം	14.7.21	ആക്ടീവ്	08/21മുതൽ 06/22 വരെ 1600×11=17600	17600
ഉപേന്ദ്രകുറുപ്പ്	102370100463	കർഷകതൊഴിലാളി	2.5.21	ആക്ടീവ്	06/21മുതൽ 6/22 വരെ 1600×13=20800	20800

ഹലീമബീവി	102370600498	വിധവപെൻഷൻ	30.4.21	സസ്പെൻഡ്	05/21മുതൽ 02/22 വരെ 1600×10=16000	16000
വിജയമ്മ (വെങ്ങാന്നൂർ ഗ്രാമപഞ്ചായത്ത്)	102960200079	വാർദ്ധക്യകാലം	31.5.21	ആക്ടീവ്	06/21മുതൽ 6/22 വരെ 1600×13=20800	20800
സത്യവ്രതൻ	102370200078	വാർദ്ധക്യകാലം	8.6.21	ആക്ടീവ്	07/21മുതൽ 6/22 1600×12=19200	19200
					ആകെ	1,32,800/

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻ പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോ ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2021-22 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്ത വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. നഗരൂർ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസ പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. നഗരൂർ ഗ്രാമപഞ്ചായത്തിൽ മരണം ചെയ്യപ്പെട്ട എന്നാൽ മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരുടെ വിവരം അതാത് ത സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതാണ്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 12 തീയതി 26.08.22 ന് മ വിവരങ്ങൾ പരിശോധിച്ച് നിയമാനുസൃത നടപടികളിലൂടെ തിരികെ അടവാക്കുന്നതിനും ഒഴിവാക്കു നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അനർഹമായി നൽകിയ 1,32,800/- രൂപ തിരികെ സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

1-5-2 നടപടിക്രമങ്ങൾ പൂർത്തിയാക്കി സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നത കാലതാമസം

പഞ്ചായത്ത് ഡയറക്ടറുടെ 28.09.2019-ലെ PAN/2021/2019-DBT1(DP) സർക്കുലർ പ്രകാരം അപേക്ഷ ലഭിച്ച് 40 ദിവസത്തിനകം തീരുമാനമെടുത്ത് അപേക്ഷകനെ രേഖാമൂലം അറിയിക നിഷ്കർഷിച്ചിട്ടുണ്ട്.

പെൻഷൻ രജിസ്റ്ററിൽ പെൻഷൻ അപേക്ഷകൾ പരിശോധനയ്ക്കായി നൽകിയ തീയതി, പരി ശേഷം തിരികെ ലഭിച്ച തീയതി, കമ്മിറ്റി തീരുമാനം എടുത്ത തീയതി മുതലായവയൊന്നും രേഖപ്പെടുത്തിയിട്ടില്ല.

പെൻഷൻ രജിസ്റ്റർ പരിശോധിച്ചപ്പോൾ അപേക്ഷകർക്ക് സമയബന്ധിതമായി അനുവദിക്കുന്നതിൽ കാലതാമസം വരുന്നതായി ബോദ്ധ്യപ്പെട്ടു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേ

ഫ്രണ്ട് ഓഫീസിൽ അപേക്ഷ കൈപ്പറ്റിയ തീയതിയും നമ്പരും	പേര്	പെൻഷൻ തരം	അന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണത്തിനായി കൈപ്പറ്റിയ തീയതി	അന്വേഷണത്തിനു ശേഷം അപേക്ഷ തിരികെ ലഭിച്ച തീയതി	ഡി ബി സെല്ലിലേക് ലോഡ് ചെ തീയതി
3640/21/27.7.21	സജീനബീവി	വിധവ പെൻഷൻ	തീയതി രേഖപ്പെടുത്തിയിട്ടില്ല.	-	12.11.2

3693/21/30.7.21	ഓമന	വിധവ പെൻഷൻ	തീയതി രേഖപ്പെടുത്തിയിട്ടില്ല.	-	തുടർ നടപ രേഖപ്പെടുത്ത
4370/21/9.9.21	ബിന്ദു	വിധവ പെൻഷൻ	തീയതി രേഖപ്പെടുത്തിയിട്ടില്ല.	-	തുടർ നടപ രേഖപ്പെടുത്ത
4257/21/7.9.21	ഷീബ	വിധവ പെൻഷൻ	തീയതി രേഖപ്പെടുത്തിയിട്ടില്ല.	-	തുടർ നടപ രേഖപ്പെടുത്ത

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി (നമ്പർ 29.08.22)കോവിഡ് കാരണമാണ് കാലതാമസം ഉണ്ടായതെന്നും അപാകതകൾ പരിഹരിക്കുന്നത അറിയിച്ചിട്ടുണ്ട്. പെൻഷൻ അപേക്ഷകൾ കൃത്യമായി സമയബന്ധിതമായി പരിശോധനയ്ക്ക് വിധ അർഹതയുള്ളവർക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-5 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	7087800	480
വിധവാപെൻഷൻ	23938400	1662
വാർദ്ധക്യകാലപെൻഷൻ	42136000	3112
വികലാംഗപെൻഷൻ	5803200	386
വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം *	270000	9
അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ	731600	48

*പ്രസ്തുത ചെലവ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ഖണ്ഡി ഉൾപ്പെടുത്തിയിട്ടുണ്ട്.

ക്ഷേമ പദ്ധതികളുടെ ചെലവ് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഉപ ഖണ്ഡി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പ 22.08.2022 10.00 AMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുക പരിശോധനയിൽ 5970 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-7 ആഭ്യന്തര നിയന്ത്രണം

1) ഓഫീസ് ഉത്തരവ് മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. കൃത്യമായ ഇടവേളകളി മീറ്റിംഗുകൾ നടത്തുന്നുണ്ട്. ഓഡിറ്റ് വർഷം, രണ്ട് റിവ്യൂ മീറ്റിംഗുകൾ (16.04.2021, 06.08.2021)നടത്തിയ

2) 2004 ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാ ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൌരാവ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടത

ലെ പൌരാവകാശരേഖ പരിശോധനയ്ക്ക് ലഭ്യമാക്കിയെങ്കിലും, പൊതുജനങ്ങൾക്ക് വിതരണം ചെ വിശദാംശം ലഭ്യമാക്കിയില്ല. 2022 ലെ പൌരാവകാശരേഖ പ്രിന്റ് ചെയ്യുന്നതിനായി നൽകിയ അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 20/30.08.2022 ന്റെ മറുപടി).

3) ഫ്രണ്ട് ഓഫീസിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല.

4) ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച്, കൃത്യമായ ഇടവേളകളിൽ യോഗം നിർദ്ദേശങ്ങൾ നല്കി വരുന്നുണ്ട്.

5) സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിൽ കണ്ടെത്തിയ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

6) പഞ്ചായത്തിന്റെ വിവിധ ആസ്തികളുടെ സംരക്ഷണത്തിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

7) സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം കുറച്ചെങ്കിലും വെള്ളക്കരം കുറയ്ക്കുവാൻ വാട്ടർ അ തയ്യാറാകാത്ത സാഹചര്യത്തിൽ അടന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

8) വിവിധ മരുന്ന് വാങ്ങൽ പ്രോജക്ടുകളിൽ മരുന്നുകൾ പൂർണമായും ലഭ്യമാകാത്ത സാഹചര്യമുണ്ട്.
9) ആസ്തി സംരക്ഷണം – തനത വരുമാന ചോർച്ച തടയുന്നതിനും വരുമാനം വർദ്ധിപ്പിക്കുന നടപടികൾ എന്നിവ അടിയന്തിര ശ്രദ്ധ അർഹിക്കുന്നു.

1-8-1 MNREGS-റോഡ് കോൺക്രീറ്റ് പ്രവൃത്തികളിലെ അപാകങ്ങൾ

പ്രവൃത്തിയുടെ പേര് : പെരുമാംമല ലക്ഷംവീട് കോളനി റോഡ് കോൺക്രീറ്റ്

എം ബുക്ക് നം : 60/20-21

AS No. 66250/AS

പ്രസ്തുത പ്രവൃത്തിയിൽ 20.01 M3 അളവിൽ 40mm Metal ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ പരിശോധിച്ചതിൽ ഇൻവോയിസ് നം. BB/392 തീയതി 15.3.2022 പ്രകാരം 7.77 M3 അളവ് Metal 85 നിരക്കിൽ നികുതി(5%) ഉൾപ്പെടെ ആകെ 6959/- രൂപക്ക് ലഭ്യമാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എം ബുക്ക് പ്രകാരം 20.01 M3 @ 1699.29/M3 നിരക്കിൽ 34002.79 രൂപ അനുവദിച്ചിട്ടുണ്ട്.

CPWD സ്പെസിഫിക്കേഷനിൽ നടത്തുന്ന പ്രവൃത്തികളിൽ, ഉപയോഗിക്കുന്ന 40mm മെറ്റലിന്റെ സ്റ്റാ അളവിൽ നിന്നും 7.5% വോയ്ഡ്സ് കുറവു ചെയ്ത് മാത്രമേ കരാറുകാരന് തുക നൽകേണ്ടതുള്ളൂ. (Specif 27-2-3).

പ്രസ്തുത പ്രവൃത്തിക്ക് ഉപയോഗിച്ച, ശേഷിക്കുന്ന മെറ്റൽ സംബന്ധിച്ച വിവരങ്ങളും, പ്രവൃത്തിയിൽ അളവിൽ വോയിഡ്സ് കുറവ് വരുത്തിയത് സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുന്നതിനായി നല്കിയ എൻക്വയറിക്ക് (നം.- 16 തീയതി : 26.8.2022 മറുപടിയായി, അതിൽ അവശേഷിക്കുന്ന തുകക്കുള്ള ഫയലിൽ സൂക്ഷിക്കുന്നതാണെന്നും , വോയിഡ്സ് കുറച്ചുള്ള അളവുകളാണ് എ രേഖപ്പെടുത്തിയിരിക്കുന്നത് എന്നും വിശദീകരിച്ചിട്ടുണ്ട്. എന്നാൽ, പ്രസ്തുത പ്രവൃത്തിക്ക് ഉപയോഗിച്ച മെറ്റലിന്റെ അളവ് രേഖപ്പടുത്തിയിട്ടില്ലാത്തതിനാൽ വോയിഡ്സ് കുറച്ചുള്ള അളവാണോ എ രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് വിലയിരുത്തുന്നതിന് സാധിക്കുന്നില്ല. ഭാവിയിൽ ഇത്തരം അപ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

1-8 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്

ഭരണചെലവുകൾ	49474.50	725580	775054.50	773822	1232.50
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	71166000	71166000	71166000	0
ആകെ	49474.50	71891580	71941054.50	71939822	1232.50

ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

(അവലംബം - ഓഡിറ്റ് എൻക്വയറി നമ്പർ 11/26.08.2022ന്റെ മറുപടി)

ആകെ വാർഡുകളുടെ എണ്ണം	17
ഗ്രാമപഞ്ചായത്തിലെ ആകെ കുടുംബങ്ങളുടെ എണ്ണം	6468
തൊഴിലുറപ്പ് പദ്ധതിക്കായി രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം	6327
തൻവർഷം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം	3149
തൻവർഷം 100 ദിവസം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം	1595
ഒരു കുടുംബത്തിന് തൻവർഷത്തിൽ നൽകിയ തൊഴിൽ ദിനങ്ങളുടെ ശരാശരി	84.36
ഷെൽഫ് ഓഫ് പ്രൊജക്ട് പ്രകാരം തൻവർഷത്തെ പദ്ധതികളുടെ എണ്ണം	4923
വകയിരുത്തിയ തുക	35,76,00,000
നടപ്പാക്കിയ പദ്ധതികളുടെ എണ്ണം	330
കൂലിയിനത്തിലെ ചെലവ്	6,56,71,455
കൂലിയിതരയിനത്തിലെ ചെലവ്	48,10,650
ലേബർ ബജറ്റ് പ്രകാരമുള്ള ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)	1,69,367
ലേബർ ബജറ്റ് പ്രകാരമുള്ള ആകെ ചെലവ്	2,23,708

1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	05.08.2022	01.08.2021 മുതൽ 31.03.2022 വരെ	ലഭിച്ചില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	09.03.2017	2015-16	23.01.2019

1-10 ഷോപ്പിംഗ് കോംപ്ലക്സ് വാടക കുടിശ്ശിക ഈടാക്കുന്നതിലെ കാലതാമസം

ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിലെ 3-ാം നമ്പർ കടമുറിയിൽ കേരള സിവിൽ കോർപ്പറേഷന്റെ മാവേലി സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. മേൽ സ്ഥാപനത്തിൽ നിന്നും 2018-19 (

നിരക്കിലാണ് 2021-22 വർഷവും വാടക ഈടാക്കിയിരിക്കുന്നത്.
വിശദാംശം ചുവടെ ചേർക്കുന്നു.

വർഷം	ഈടാക്കേണ്ട പ്രതിമാസ വാടക	വാടക		
		ഈടാക്കേണ്ടത്	ഈടാക്കിയത്	കുടിശ്ശിക
2018-19	1763	21156	21156	0
2019-20	1851	22212	21156	1056
2020-21	1944	23328	21156	2172
2021-22	2041	24492	21156	3336
			ആകെ	6564

വാടകയിനത്തിലുള്ള കുടിശ്ശിക ഒടുക്കാനായി സ്ഥാപന മാനേജർക്ക് നോട്ടീസ് നല്കിയതായി അറി (ഓഡിറ്റ് എൻക്വയറി നമ്പർ 32/30.08.2022ന്റെ മറുപടി). കുടിശ്ശിക ഈടാക്കി വിവരം ഓ അറിയിക്കേണ്ടതാണ്.

1-11 എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ശരിയായ സ്പെസിഫിക്കേഷൻ നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

അസിസ്റ്റന്റ് എൻജിനീയർ നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന റോഡിതര പ്രവൃത്തികളി സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹിച്ചു.

(1)

Project No	154/21-22
Project Name	Jawahar Jyothy Anganwadi Compound Wall
Est No	2019/33838
Ts No	27876/19-20, 70000/-
Contractor Name	Vijayadhanan
Mbook No	267/21-22
Bill No	254/ 22.2.2022, 66,973/-
Fund	MF(R)

(2)

